സർക്കാരുകളുടെ തലയ്ക്കുമീതെ സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കാൻ കേന്ദ്രം ശ്രമിച്ചാൽ ആയത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇന്ത്യൻ ഭരണഘടനയുടെ ലംഘനവും, ഫെഡറൽ തത്വങ്ങളുടെ ലംഘനവും ആയിരിക്കും. അത് തികച്ചും പ്രതിഷേധാർഹമായിരിക്കും. അത്തരം നീക്കം നടന്നാൽ അതിനെതിരെ രാഷ്ട്രീയ ഭേദമന്യേ മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി അണിനിരക്കണം എന്നാണ് ഗവൺമെന്റിനുവേണ്ടി എനിക്ക് അറിയിക്കാനുള്ളത്.

(12) ആലത്തൂർ താലൂക്കാശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, രണ്ടു താലൂക്കുകളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഒരാശുപത്രിയാണ് ആലത്തൂർ താലൂക്കാശുപത്രി ഒ.പി. വിഭാഗത്തിൽ 500-ഓളം പേരും ഐ.പി. വിഭാഗത്തിൽ 200-ഓളം പേരും ദിവസേന എത്തിച്ചേരുന്ന ഈ ആശുപത്രിയിൽ 154 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമാണ് ഇപ്പോഴുള്ളത്. വളരെ പാവപ്പെട്ട കർഷകത്തൊഴിലാളികൾ മഹാഭൂരിപക്ഷം വരുന്ന ഈ പ്രദേശത്ത് അവരുടെ ഏക ആശ്രയമായ ഈ ആശുപത്രിയിലെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇതിനുപുറമേ എൻ.എച്ച്. 47-ന്റെ സമീപം കിടക്കുന്ന ആശുപത്രി എന്ന നിലയിൽ നിത്യേന അപകടങ്ങളിൽപ്പെട്ട് അത്യാസന്ന നിലയിൽ നിരവധി പേർ ഇവിടെ എത്താറുണ്ട്. ഇത്തരുണത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഈ ആശുപത്രിയുടെ വികസനത്തിനായി അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബഹുമാന്യനായ മന്ത്രി മുൻകൈ എടുക്കണം. ഇ.എൻ.ടി. സ്പെഷ്യലിസ്റ്റായ ഒരു ഡോക്ടർ അവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തെ ഇപ്പോൾ സ്ഥലം മാറ്റി. അതുപോലെ ഒരു സർജൻ, അനസ്തറ്റിസ്റ്റ് എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. അതുപോലെ എക്സ്റേ ടെക്നീഷ്യൻ, മെഡിക്കൽ റിക്കാർഡ് അറ്റന്റർ, ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-II, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ഒരു അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ ലഭിച്ചിട്ടുണ്ട്. പരിശീലനം സിദ്ധിച്ച ഒരാളുടെ അഭാവംമൂലം ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഒരു സോണോളജിസ്റ്റിനെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് ആ സ്കാനിംഗ് മെഷീൻ ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് സോണോളജിസ്റ്റിന്റെ നിയമനം നടത്തുകയോ, അല്ലെങ്കിൽ ഗൈനക്കോളജിസ്റ്റിന് പ്രത്യേക പരിശീലനം നൽകുവാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം അവിടെ ആരംഭിക്കാമെന്ന് പറഞ്ഞതാണ്. അത്തരം നടപടികൾ ഒന്നും തന്നെ തുടങ്ങിയിട്ടില്ല. അതുകൊണ്ട് ഈ താലൂക്കാശുപത്രിയുടെ ഇത്തരം പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എസി. ഷണ്മുഖദാസ്) : സർ, ആലത്തൂർ താലൂക്കാശുപത്രിയിൽ ഇപ്പോൾ ഒരു സിവിൽ സർജന്റെ ഒഴിവേയുള്ളൂ. ഒരു സിവിൽ സർജന്റെ പ്രൊമോഷനാണ്. പ്രൊമോഷൻ ലിസ്റ്റ് അനുസരിച്ച് ഡി.പി.സി. കൂടി ലിസ്റ്റ് ആയിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ ആ തസ്തികയിൽ നിയമനവും നടക്കും. അസാധാരണഗതിയിൽ താലൂക്ക് ഹോസ്പിറ്റലുകളിൽ ഒന്നും അൾട്രാ സൗണ്ട്സ് സ്കാനർ ഉണ്ടായിരുന്നില്ല. ഈ അടുത്ത കാലത്ത് കൊടുത്തതാണ്. പക്ഷേ സോണോളജിസ്റ്റിന്റെ തസ്തിക ഉണ്ടായിരുന്നില്ല. ആ തസ്തിക ഇല്ലാതിരുന്നതുകൊണ്ട് ബ്ലോക്ക്-പ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ചായത്തുമായി ബന്ധപ്പെട്ട് തസ്തികയ്ക്ക് ആവശ്യമായ ആളെ കോൺട്രാക്ട് ബേസിസിൽ കിട്ടാനുള്ള ശ്രമത്തിലാണ്. അതേ സമയം തന്നെ അത് പ്രവർത്തിപ്പിക്കുന്നതിനുവണ്ടി ഡോക്ടർക്ക് പരിശീലനം കൊടുത്തു കഴിഞ്ഞു. നാഷണൽ ഹൈവേ ഭാഗത്ത് ട്രോമോ കെയർ യൂണിറ്റ് തുടങ്ങുന്നതിന്റെ ഭാഗമായി ആലത്തൂരിലും അതിന്റെ പ്രവർത്തനം തുടങ്ങി. രണ്ട് ഡോക്ടർക്ക് ഇതിനാവശ്യമായ പരിശീലനം കൊടുത്തു കഴിഞ്ഞു. ആവശ്യമായ മറ്റു സംവിധാനങ്ങളും അവിടെ ഏർപ്പെടുത്തുന്നതാണ്. ഓർത്തോപീഡിസ്റ്റ് തുടങ്ങിയിട്ടുള്ള എല്ലാ ഡോക്ടർമാരും ഇവിടെയുള്ളതുകൊണ്ട് ട്രോമോ കെയർ യൂണിറ്റിന്റെ സാധാരണ രീതിയിലുള്ള ഒരു സംവിധാനം അവിടെ ഒരുക്കിയെടുക്കാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷൻ കിട്ടിയതിനുശേഷം ബന്ധപ്പെട്ട ഡയറക്ടറുമായി ഞാൻ സംസാരിച്ചു. ഈ ഒരു ഒഴിവു മാത്രമേ വന്നിട്ടുള്ളൂ. താഴെത്തലത്തിലുള്ള മറ്റ് തസ്തികകളിലെ ഒഴിവുകളും നികത്താൻ ശ്രമിക്കുന്നതാണ്.

(13) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയിലെ പ്രശ്നങ്ങൾ

<u>ശ്രീ. പി. നാരായണൻ</u> : സർ, കോട്ടയം ജില്ലയിലെ വെള്ളൂരിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. 1500-ഓളം സ്ഥിരം ജീവനക്കാരും, 1800-ഓളം കരാർ തൊഴിലാളികളും ഇതുമായി ബന്ധപ്പെട്ട് പരോക്ഷമായി മറ്റ് 10,000 തൊഴിലാളികളും ജോലി ചെയ്തുവരുന്ന ഈ സ്ഥാപനം 2.7.99 മുതൽ ഉൽപ്പാദനം നിറുത്തിവച്ചിരിക്കുകയാണ്. പുത്തൻ സാമ്പത്തിക നയത്തെത്തുടർന്ന് രാജ്യത്തുള്ള ന്യൂസ് പ്രിന്റ് വ്യവസായ സ്ഥാപനങ്ങളെ തകർക്കുക എന്ന ലക്ഷ്യത്തോടെ വിദേശ കുത്തക കമ്പനികൾ വളരെ കുറഞ്ഞ വിലയ്ക്ക് ഇന്ത്യൻ കമ്പോളത്തിൽ ന്യൂസ് പ്രിന്റ് വിൽക്കുന്നതുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി തരണം ചെയ്യുവാൻ ബുദ്ധിമുട്ടുന്ന സാഹചര്യത്തിലാണ് അടുത്ത കാലത്ത് വൈദ്യുതി നിരക്കിൽ വർദ്ധനവുണ്ടായത്. ഒരു ടൺ ന്യൂസ് പ്രിന്റിന്റെ ഉൽപ്പാദനച്ചെലവിനോടൊപ്പം 1200 ക. യുടെ അധികച്ചെലവു കൂടി ഉണ്ടാക്കിയിരിക്കുകയാണ്. ആയതിനാൽ ഈ വ്യവസായ സ്ഥാപനത്തെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങളിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

1. തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ ന്യൂസ് പ്രിന്റിനെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുക;

2. അസംസ്കൃത വസ്തുക്കളായ തടി, മുള എന്നിവ കർഷകരിൽ നിന്നും നേരിട്ട് വാങ്ങുമ്പോൾ ഈടാക്കുന്ന നികുതി 12.5 ശതമാനത്തിൽ നിന്നും കുറച്ച് കരാറുകാരിൽനിന്നും വാങ്ങുമ്പോൾ ഈടാക്കുന്ന 4 ശതമാനമായി ഏകീകരിക്കുക.

3. അസംസ്കൃതവസ്തുവായ തടി വച്ചു പിടിപ്പിക്കുന്നതിന് അനുയോജ്യമായ 10,000 ഹെക്ടർ ഭൂമി അനുവദിച്ചു നൽകുകയും തടി, മുള, ഈറ മുതലായവയ്ക്ക് നിലവിലുള്ള റോയൽറ്റി നിരക്ക് വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്യുക.

4. ഇപ്പോഴത്തെ പ്രതിസന്ധി തരണംചെയ്യുന്നതുവരെയെങ്കിലും വൈദ്യുതി നിരക്ക് വർദ്ധനവിൽനിന്നും ഈ സ്ഥാപനത്തെ ഒഴിവാക്കുക.

LIBRARY ARCHIVES Kerala Legislative Assembly